# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3436 | 25.06.2012 ൽ മറുപടിയ്ക്ക്

## യൂത്ത്കോൺഗ്രസ് പ്രവർത്തകനായ ബാലകൃഷ്ണന്റെ കൊലപാതകം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) 2001 ൽ കാസർഗോഡ് ജില്ലയിലെ യൂത്ത് കോൺഗ്രസ് പ്രവർത്തകനായ ബാലകൃഷ്ണൻ കൊലചെയ്യപ്പെട്ട സംഭവത്തിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ; | (എ) ഈ സംഭവം സംബന്ധിച്ച് കാസർഗോഡ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യിരുന്ന ക്രൈം നം. 569/2001 എന്ന കേസ് തുടരന്വേഷണത്തിനായി ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറുകയും, ക്രൈംബ്രാഞ്ച് ടി കേസ് ക്രൈം നം. 121/CR/KNR/2003 പ്രകാരം അന്വേഷണം നടത്തി വരവേ, സി.ബി.ഐ ചെന്നെ യൂണിറ്റിന് അന്വേഷണത്തിന് കൈമാറിയിട്ടുള്ളതുമാണ്. |
| (ബി) ഈ കേസ് നിലവിൽ ആരാണ് അന്വേഷിക്കുന്നത്; | (ബി) സി.ബി.ഐ ചെന്നെ യൂണിറ്റ് |
| (സി) കൊലപാതകത്തിനിടയാക്കിയ സംഭവം എന്താണെന്നാണ് അന്വേഷണ സംഘം കണ്ടെത്തിയിട്ടുള്ളത്; | (സി) മുസ്ലീം സമുദായത്തിൽപ്പെട്ട പെൺകുട്ടിയെ വിവാഹം കഴിച്ചതാണ് കൊലപാതകത്തിന് ഇടയാക്കിയ സംഭവം |
| (ഡി) കേസിലെ പ്രതികൾ ആരൊക്കെയാണ്; പ്രതികളെ എല്ലാവരെയും അറസ്റ്റ് ചെയ്യിട്ടുണ്ടോ; ഇനി ആരെയാണ് പിടികിട്ടാനുള്ളത്; | (ഡി) കേസിലെ പ്രതികളുടെ പേര് ചുവടെ ചേർത്തിരിക്കുന്നു.<br>1. മുഹമ്മദ് ഇക്ബാൽ @ ഇക്കു (A1) S/o അബ്ദുൾ ഖാദർ<br>2. മുഹമ്മദ് ഹനീഫ് @ ജാക്കി ഹനീഷ് (A2) S/o അബ്ദുൾ ഖാദർ<br>3. എം. അബ്ദുൾ ഗഫൂർ @ ഗഫൂർ (A3) |

S/o മെഹമൂദ് മല്ലിഗ

4. എ.എം. മുഹമ്മദ് @ എഫ്. മുഹമ്മദ് (A4) S/o പി.ബി.അബ്ദുള്ള
5. അബൂബക്കർ ഹാജി മാലംഗ് (A5) S/o മുഹമ്മദ് ഹാജി
6. ടി.എം. അബ്ദുൾ ഹമീദ് @ ഹമീദ് S/o അബ്ദുൾ സമദ്

ഇവരെയെല്ലാവരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇനി ആരെയും പിടികിട്ടാനില്ല.

| | | |
|---|---|---|
| (ഇ) | ജില്ലയിലെ മുസ്ലീം ലീഗിലെ പ്രമുഖർക്ക് ഈ സംഭവത്തിൽ പങ്കുള്ളതായി കൊല ചെയ്യപ്പെട്ട ബാലകൃഷ്ണന്റെ പിതാവ് പറഞ്ഞിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) ബാലകൃഷ്ണന്റെ പിതാവ് നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സി.ബി.ഐ. വിശദമായ അന്വേഷണം നടത്തിയെങ്കിലും മുസ്ലീം ലീഗ് പ്രവർത്തകർക്ക് സംഭവത്തിൽ പങ്കുള്ളതായി തെളിഞ്ഞിട്ടില്ല. |
| (എഫ്) | എങ്കിൽ ആയതു കൂടി പരിഗണിച്ച് കേസ് പുനരന്വേഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (എഫ്) കേസിലെ പ്രതികളെയെല്ലാം പിടികൂടിയ സാഹചര്യത്തിൽ പുനരന്വേഷണത്തിന്റെ ആവശ്യമില്ലെന്ന് സി.ബി.ഐ. അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ 25/06/2012 ന് മറുപടി നൽകിയ 3436 - ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യത്തിന് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ' ബി' പിരിവിന് " സി. ബി.ഐ കൊച്ചി യൂണിറ്റ് " എന്നാണ് മറുപടി നൽകിയിരുന്നത്. എന്നാൽ സി. ബി.ഐ യിൽ നിന്നും ലഭ്യമായ വിവരം പ്രകാരം പരാമർശ കേസ് സി.ബി.ഐ ചെന്നൈ യൂണിറ്റാണ് അന്വേഷണം നടത്തിയതെന്നും പരാമർശകൊലപാതകത്തിനു കാരണം മുസ്ലീം സമുദായത്തിൽപ്പെട്ട പെൺക്കുട്ടിയെ വിവാഹം കഴിച്ചതാണെന്നും അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, 3436 - ാം നമ്പർ ചോദ്യത്തിന് ശരിയായ വിവരങ്ങൾ ഉൾപ്പെടുത്തിയ മറുപടി ഇതൊടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(signature)

സെക്ഷൻ ഓഫീസർ